# ലാവണ്യ സങ്കല്പം - ധ്വന്യാലോകത്തിൽ

എം. സത്യൻ*

കാവ്യ സൗന്ദര്യത്തിന്റെ ഉറവിടം തേടിയുള്ള യാത്രയിൽ ഭരതനുശേഷം ഭാരതത്തിലാദ്യമായി അർത്ഥവത്തായ വിചിന്തനം നടത്തിയത് ധ്വന്യാലോകകാരനായ ആനന്ദവർധനനാണ്. വിശ്വമഹാകവികളായ വ്ല്മീകി, വ്യാസൻ, കാളിദാസൻ തുടങ്ങിയവരുടെ സർഗസൃഷ്ടികളിൽ ഒളി വിതറി നില്ക്കുന്ന ആനന്ദാനുഭൂതിയുടെ സൗന്ദര്യം അനുഭവിച്ചറിഞ്ഞ സഹൃദയനായ അദ്ദേഹം താൻ അനുഭവിച്ചറിഞ്ഞ ലാവണ്യത്തിന്റെ പൊരുളന്വേഷിച്ച് നടത്തിയ മഹത്തായ യാത്രയാണ് ധ്വന്യാലോകം എന്ന വിശിഷ്ട ഗ്രന്ഥം. ശാലീന ബുദ്ധികളും അപ്രഗത്ഭരുമായ പാരമ്പര്യവാദികൾ അദ്ദേഹത്തിന്റെ സൗന്ദര്യ ദർശനത്തെ നഖശിഖാന്തം എതിർക്കുകയും പരിഹസിക്കുകയും ചെയ്തു. എന്നാൽ തന്റെ ചേതനയെ അലൗകികമായ ആനന്ദത്തിലേക്ക് ആനയിച്ച സൗന്ദര്യാനുഭൂതിയുടെ രഹസ്യം പ്രകാശിപ്പിച്ചുകൊണ്ട് സഹൃദയഹൃദയങ്ങളിൽ പരമാനന്ദം പ്രതിഷ്ഠിക്കുവാൻ പോവുകയാണ് താനെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ കവന സൗഭകപ്രപഞ്ചത്തിന്റെ സുവർണ്ണകവാടം തുറക്കുന്നത്.

തേന ബ്രൂമഃ സഹൃദയ മനഃ പ്രീതയേ തത്സ്വരൂപം

രാമായണ മഹാഭാരത പ്രഭൃതിനി ലക്ഷ്യേ സർവത്ര പ്രസിദ്ധേ വ്യവഹാരം ലക്ഷയതാം സഹൃദയനാം ആനന്ദോ മനസി ലഭതാം പ്രതിഷ്ഠാമിതി.

(ധ്വന്യലോകം - 1.1)

* *അസോസിയേറ്റ് പ്രൊഫസർ, സംസ്കൃതം വകുപ്പ്, ഗവൺമെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി*

സഹൃദയന്റെ മനസ്സിൽ നിലാവ് പോലെ നിറയുന്ന ലാവണ്യമെന്ന അമൂർത്തമായ സൗന്ദര്യാതിശയത്തിന്റെ തുടിപ്പുകൾ കൃതിയിലുടനീളം ആനന്ദവർധനൻ പകർത്തുന്നുണ്ടെങ്കിലും ലാവണ്യം എന്ന പദം ധ്വന്യാലോകത്തിൽ അഞ്ച് സന്ദർഭങ്ങളിലാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ഒന്നും മൂന്നും ഉദ്യോതങ്ങളിൽ രണ്ടിടത്തും രണ്ടാമുദ്യോതത്തിൽ ഒരിടത്തുമാണത്.

ലാവണ്യം എന്ന പദത്തിന് അതിശയകരമായ സൗന്ദര്യം എന്നു നിഘണ്ടുകാരനും 'ലവണസ്യ ഭാവം ലാവണ്യം' ലവണത്തിന്റെ ഭാവമാണ് ലാവണ്യമെന്ന് നിരൂകതകാരനും അർത്ഥം നൽകുന്നു.

എന്നാൽ നിലീനവും അമൂർത്തവുമായ സൗന്ദര്യാനുഭൂതിയെയാണ് ആനന്ദവർധനൻ ലാവണ്യപദംകൊണ്ട് സൂചിപ്പിക്കുന്നത്.

**ലാവണ്യസ്വരൂപം - ചില നിർവ്വചനങ്ങൾ**

ധ്വന്യാലോകലോചനത്തിന് കേരളീയനായ ഉദയൻ രചിച്ച കൗമുദീവ്യാഖ്യാനത്തിൽ ലാവണ്യത്തെ ഇങ്ങനെ നിർവ്വചിച്ചിരിക്കുന്നു.

പ്ലവമാനമിവാഭാതി യദംഗം കാന്തി പാഥസി

മനഃപ്രഹ്ളാജനനം തല്ലാവണ്യമിതിസ്മൃതം

ബംഗാളിയായ രൂപാ ഗോസ്വാമിയുടെ ഉജ്ജ്വലാനീലാമണിയിൽ സൗന്ദര്യത്തെക്കുറിച്ചുള്ള നിർവചനം ശ്രദ്ധേയമാണ്.

അംഗപ്രത്യംഗകാനാം യഃ സന്നിവേശോ യഥാചിതം

സുശ്ലിഷ്ടഃ സന്ധിഭേദഃ സ്വാത് തത് സൗന്ദര്യമുദീയ്യതേ.

ഓരോ നിമിഷവും പുരുതമയുൾക്കൊള്ളുന്നതാണ് രമണീയത എന്നു ഏറെ പുതുമയുള്ള ഒരു നിരീക്ഷണമാണ് മഹാകവി മാഘൻ നടത്തിയിട്ടുള്ളത്.

ക്ഷണേ ക്ഷണേ യന്നവതാമുപൈതി

തദേവരൂപം രമണീയതായാഃ

(മാഘം. IV 17)

ലാവണ്യത്തിന്റെ സ്വരൂപ മഹിമയെ നിരൂപണം ചെയ്തുകൊണ്ടുള്ള രസാർണവസുധാകരത്തിലെ രണ്ട് കാരികകൾ ധ്വന്യാലോകത്തിന്റെ ഭാഷാ വ്യാഖ്യാതാവായ ഇ.വി. ദാമോദരനും ഒരെണ്ണം ദീധിതികാരനും പ്രകാശിപ്പിക്കുന്നുണ്ട്.

മുക്താഫലേഷു ഛായായാഃ

തരളിത്വമിവാന്തരാ

പ്രതിഭാതി യദംഗേഷു

ലാവണ്യം തദിഹോച്യതേ.

അംഗേഷു സ്ഫടികാദർശ
ദർശനീയേഷു ജൃംഭതേ
അമലാ കോമളാ കാന്തിർ
ജ്യോത്സ്നേവ പ്രതിബിംബിതാ.

## ധ്വന്യാലോകത്തിലെ ലാവണ്യചിന്ത

ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ പ്രതീതിതലങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് കാവ്യ സൗന്ദര്യത്തെ വ്യാകരക്കുകയാണ് ധ്വന്യാലോകത്തിലൂടെ ആനന്ദവർധനൻ ചെയ്തത്. സൗന്ദര്യത്തിന്റെ സങ്കീർണ്ണതയേയും അതിന്റെ ശാഖോപശാഖകളേയും അദ്ദേഹം സൂക്ഷ്മമായി വിവേചിച്ചു. കാവ്യഭാഷയുടെ പ്രത്യക്ഷ അർത്ഥതലത്തിനപ്പുറത്ത് പരോക്ഷമായി പ്രകാശിക്കുന്ന അർത്ഥഛായകളും അവയെ പ്രതീതിഗോചരമാക്കുന്ന രചനാതന്ത്രങ്ങളുമാണ്. കാവ്യ സൗന്ദര്യത്തിന്റെ നിദാനമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. കാവ്യത്തിന്റെ രമണീയക രഹസ്യങ്ങളുടെ ചെപ്പുതുറക്കുന്നതിനുള്ള ഭൂമിക തയ്യാറാക്കിക്കൊണ്ടു അദ്ദേഹമിങ്ങനെ പറഞ്ഞുതുടങ്ങി.

യോ ർത്ഥഃ സഹൃദയശ്ലാഖ്യഃ കാവ്യാത്മേതി വ്യവസ്ഥിതഃ
വാച്യ പ്രതീയ മാനാഖ്യതൗ തസ്യഭേദാവുഭൗ സ്മൃതൗ

(ധ്വന്യലോകം. 1 2)

കാവ്യാത്മാവെന്നു നിർണ്ണയിക്കപ്പെട്ടതും സഹൃദയശ്ലാഘ്യവുമായ യാതൊരർത്ഥമുണ്ടോ അതിനു വാച്യം പ്രതീയമാനം എന്നിങ്ങനെ രണ്ടു ഭേദങ്ങളുണ്ടു. പണ്ടുപണ്ടേ രാമായണ മഹാഭാരതാദി കൃതികളിൽ ലക്ഷ്യരൂപത്തിൽ ഉള്ളതും സഹൃദയന്മാർ അകമെ ആസ്വദിച്ചതുമായ പ്രതീയമാനാർത്ഥത്തെ സവിശേഷമായി വർണ്ണിക്കാനാണ് ലാവണ്യം എന്ന പദം ആനന്ദവർധനൻ ആദ്യമായി പ്രയോഗിക്കുന്നത്.

പ്രതീയമാനം പുനരന്വദേവ
വസ്ത്വസ്തി വാണീഷു മഹാകവീനാം
യത്തത് പ്രസിദ്ധാവയവാതിരിക്തം
വിഭാതി ലാവണ്യമിവാങ്ഗനൊസു

(ധ്വന്യലോകം. 1 4)

പ്രതീയമാനം പുനരന്യദേവ വാച്യാദ്വവസ്ത്വസ്തി വാണീഷു മഹാകവീനാം യത്തത് സഹൃദയ സുപ്രസിദ്ധം പ്രസിദ്ധേഭ്യോ അലംകൃതേഭ്യഃ പ്രതീതേഭ്യോ വാവയവേഭ്യോ വ്യതിരിക്വത്വേന പ്രകാശതേ ലാവണ്യമിവാംഗനാസുഃ യഥാ ഹ്യങ്ഗനാസു ലാവണ്യം പൃഥങ്ങ് നിർവർണ്യമാനം നിഖിലാവയവ വ്യതിരേകി കിമപ്യ ന്വദേവ സ (മാഘം. IV 17) ൃദയ ലോചനാമൃതം തത്വാന്തരം തദ്വദേവ സോ$f$ർത്ഥഃ

(ധ്വന്യലോകം. 1.4 വൃത്തി)

മഹാകവികളുടെ കാവ്യാത്മകമായ വാങ്മയങ്ങളിൽ വാച്യാർത്ഥത്തിൽ നിന്നും നിശ്ശേഷം ഭിന്നമായി പ്രതീയമാനം എന്നൊരു അർത്ഥമുണ്ട്. സഹൃദയർക്ക് സുവിദിതമായ അത് അലംകൃതങ്ങളും പ്രഖ്യാതങ്ങളുമായ അവയവങ്ങളിൽനിന്നും വ്യതിരിക്തമായി അംഗനകളിൽ ലാവണ്യം എന്ന പോലെ പ്രകാശിക്കുന്നു.

കാവ്യാത്മാവായി വാഴുന്ന പ്രതീയമാനമായ ആ അർത്ഥത്തിനു ഉപാനമായി ചമഞ്ഞ ആ ലാവണ്യം എന്താണ്? ആനന്ദവർധനൻ സ്പഷ്ടമാക്കുന്നു.

അംഗനാസു പൃഥങ്നിർവണ്യമാനം നിഖിലാവയവിതിരേകി കിമപ്യന്യദേവ സഹൃദയലോചനാമൃതം തത്വാന്തരം ലാവണ്യം.

അംഗനമാരുടെ സുപ്രസിദ്ധങ്ങളായ നയനകപോലദ്യവയവങ്ങളിൽ നിന്നും അത്യന്തം ഭിന്നവും എന്നാൽ എല്ലാ അവയവങ്ങളിൽ നിന്നും വെട്ടിത്തിളങ്ങുന്നതും സഹൃദയരുടെ മിഴികൾക്കമൃതേകുന്നതുമായ മറ്റൊരു തത്വമാണ് ലാവണ്യം.

അഭിനവഗുപ്തന്റെ ഈ ലാവണ്യസങ്കല്പത്തെ ലോചനകാരനും മറ്റു വ്യാഖ്യാതാക്കളും സവിസ്തരം വർണ്ണിക്കുകയും കൂടുതൽ മിഴിവേകുകയും ചെയ്തിട്ടുണ്ട്.

ലാവണ്യത്തിന്റെ വിസ്മയകരമായ സൃഷ്ടിവൈചിത്ര്യം അഭിനവഗുപ്തൻ തന്റെ ലോചനത്തിലൂടെ സഹൃദയർക്ക് കാണിച്ചുകൊടുക്കുന്നുണ്ട്.

ലാവണ്യം ഹി നാമാവയവസംസ്ഥാനാഭിവ്യംഗ്യമവയവവ്യതിരിക്തം ധർമാന്തരമേവ. ന ചാവയവാനാമേവ നിർദോഷതാ വാ ഭൂഷണയോഗോ വാ ലാവണ്യം, പൃഥങ് നിർവർണ്യമാന കാണാദിദോഷശൂന്യശരീരാവയവയോഗിന്യാമപ്യലങ്കൃതായാമപി ലാവണ്യശൂന്യേയമിതി, അതഥാഭൂതായമപി കസ്യാഞ്ചില്ലാവണ്യമൃതചന്ദ്രികേയമിതി സഹൃദയാനാം വ്യവഹാരാത്.

അവയവങ്ങളുടെ സമുചിതമായ സന്നിവേശം വഴി അഭിവ്യക്തമാവുന്നതും എന്നാൽ സമസ്താവയവങ്ങളിൽ നിന്നും വ്യതിരിക്തമായതുമായ ധർമ്മവിശേഷമാണ് ലാവണ്യം. അവയവങ്ങളുടെ ദോഷമില്ലായ്മയല്ല ലാവണ്യം. സംർവ്വാംഗഭൂഷണത്വവുമല്ല ലാവണ്യം. കാരണം ശരീരാവയവങ്ങളിൽ വേറിട്ടു കാണാവുന്ന കോങ്കണ്ണ്, കോമ്പല്ല് മുതലായ വൈകല്യങ്ങളൊന്നുമില്ലെങ്കിലും അംഗോപാംഗങ്ങൾ സുന്ദരമാണെങ്കിലും, സർവ്വാംഗ വിഭൂഷിതയാണെങ്കിലും സഹൃദയർ ഇവൾ ലാവണ്യമില്ലാത്തവളാണെന്നു നിസ്സംശയം പറയുന്നു. എന്നാൽ കോങ്കണ്ണുപോലുള്ള അംഗവൈകല്യത്തോടുകൂടിയവളാണെങ്കിലും യാതൊരുവിധ ആടയാഭരണങ്ങളാലും വിഭൂഷിതയല്ലെങ്കിലും സഹൃദയന്മാരവളെ 'ലാവണ്യാമൃതചന്ദ്രിക' എന്നു വിശേഷിപ്പിക്കുന്നു. എന്താണതിനു കാരണം? അംഗവൈകല്യമോ ആടയാഭരണരാഹിത്യമോ അവളുടെ ലാവണ്യത്തിന്റെ മാറ്റു കുറയ്ക്കുന്നില്ല. അതുപോലെ അവയവങ്ങളുടെ സൗഷ്ഠതയോ അലങ്കാരങ്ങളുടെ മേലങ്കിയോ ലാവണ്യത്തെ ഹഠാദാകർഷിക്കുന്നില്ല. പിന്നെ എങ്ങിനെയാണ് ലാവണ്യം പിറവികൊള്ളുന്നത്?

രൂപഭാവശില്പങ്ങളുടെ അംഗസാകല്യപൊരുത്തമാണ് യഥാർത്ഥത്തിൽ ആനന്ദവർധനന്റെ ലാവണ്യം. സർവ്വാങ്കീണമായ സമഗ്രതയാണത്. സൗന്ദര്യത്തിന്റെ സമഷ്ടഭാവം. അമൂർത്തവും നിലീനവുമായ അഴകിന്റെ തരളമായ ഗമനമാണ് ലാവണ്യം.

വാസ്തവത്തിൽ ലാവണ്യം എന്നത് അംഗനമാരിൽ മാത്രം തെളിഞ്ഞുവരുന്ന ഒരു സൗന്ദര്യാതിശയമല്ല. ലാവണ്യത്തെ നിരൂപിക്കുന്നതിനുവേണ്ടി ധ്വനികാരൻ പ്രപഞ്ചത്തിൽ നിന്നും അടർത്തിയെടുത്ത ഹൃദ്യമായ ഒരുദാഹരണം മാത്രമാണ്. പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളിലും അവഭാസിക്കുന്ന സൃഷ്ടിപരമായ വൈചിത്ര്യത്തിന്റെ അമൂർത്തവും ഉദാത്തവുമായ ഒരനുഭൂതിയാണ് ലാവണ്യം. ആകാശത്തിന്റെ നീലിമയും, കടലിന്റെ അപാരതയും, പൂവിന്റെ നൈർമല്യവും, ഉദയാസ്തമനങ്ങളുടെ ചാരുതയും, മഴവില്ലിന്റെ അഴകും, കുന്നുകളുടെ ഔന്നത്യവും തുടങ്ങി വസ്തുക്കളുടെ അവയവങ്ങളിൽ വെട്ടിത്തിളങ്ങുന്നതും എന്നാൽ അവയവാതിരിക്തവുമായ സവിശേഷമായ ധർമ്മമാണ് ലാവണ്യം. കാവ്യസൗന്ദര്യാനുഭവവും അഖണ്ഡമായ ലാവണ്യത്തിന്റെ ഒരു പരിച്ഛേദം മാത്രമാണ്. ആ ഒരർത്ഥത്തിൽ മാത്രമാണ് ലാവണ്യത്തെ ഉപമേയമാക്കിക്കൊണ്ട് കാവ്യസൗന്ദര്യപ്രമേയത്തെ ആനന്ദവർധനൻ ധ്വന്യലോകത്തിൽ നിരൂപിച്ചത്.

കാവ്യസൗന്ദര്യം അനുവാചകനിൽ പിറവികൊള്ളുന്നതിന്റെ രഹസ്യം ആനന്ദവർധനൻ നാലാമുദ്യോതത്തിൽ വിടർത്തി കാണിച്ചിട്ടുള്ളത് ഇങ്ങിനെയാണ്.

യദപി തദപിരമ്യം യത്ര ലോകസ്വകിഞ്ചിത്

സ്ഫുരിതമിദമിതീയം ബുദ്ധിരഭ്യുത്ജഹീതേ.

(ധ്വന്യലോകം. IV)

ഏതൊരു സർഗസൃഷ്ടിയാണോ അനുവാചകന്റെ ഹൃയത്തിൽ പൊടുന്നനവേ ഒരു തീപ്പൊരി (സ്ഫുരണം) സൃഷ്ടിക്കുന്നത് അപ്പോൾ മാത്രമേ കവിത ലാവണ്യവതിയാണെന്നു വിശേഷിപ്പിക്കാനാവൂ.

സ്ഫുരണേയം കാചിദിതി സഹൃദയാനാം ചമത്കൃതിരുല്പാദ്യതേ

പെട്ടെന്നുണ്ടാകുന്ന ഈ സ്ഫുരണം സഹൃദയനിലുണ്ടാക്കുന്ന ചമത്കൃതി അവർണനീയമത്രേ!

കാവ്യസൗന്ദര്യം തുളുമ്പിനിൽക്കുന്ന വ്യംഗ്യാർത്ഥം അനുവാചകന്റെ ബുദ്ധിയിൽ 'മിന്നൽപിണർ' പോലെ പെട്ടെന്നു വെളിപ്പെടുന്നതാണെന്നു ആനന്ദവർധനൻ സാക്ഷ്യപ്പെടുത്തുന്നു.

തദ്വത് സചേതസാം സോ$f$ർത്ഥ

വാച്യാർത്ഥ വിമുഖാത്മനാം

ബുദ്ധൗ തത്വാർത്ഥദർശിന്യാം

ഝഡിത്യേവ അവഭാസതാം.

(ധ്വന്യലോകം. 1 3)

വിഭാതി ലാവണ്യമിവാംഗനാസു ഒന്നാമുദ്യോതത്തിലെ ലാവണ്യസങ്കല്പത്തെ ആനന്ദവർദ്ധനൻ സ്ഫുരിപ്പിക്കുന്നത് നാലാം ഉദ്യോതത്തിലാണ്.

മുമ്പ് കണ്ടു പഴകിയതാണെങ്കിലും രസസ്പർശമുള്ള കാവ്യത്തിന്റെ ലാവണ്യം മധു മാസത്തിലെ സമൃദ്ധമായ തരൂനിരകൾ പോലെ സഹൃദയർക്ക് പ്രതിനിമിത്തം പുതുമ സൃഷ്ടിക്കുന്നതാണെന്നു സഹൃദയാലോകത്തിന്റെ കർത്താവായ ആനന്ദവർധനൻ പ്രഖ്യാപിക്കുന്നു.

ദൃഷ്ടപൂർവ്വാ അപിഹ്വർത്ഥാഃ

കാവ്യേ രസ പരിഗ്രഹാത്

സർവേ നവാ പരിഗ്രഹാത്

സർവേ നവാ ഇവാഭാന്തി

മധുമാസ ഇവദ്രുമാഃ

(ധ്വന്യലോകം. IV.4)

ആയിരക്കണക്കിനു വാചസ്പതിമാർ ഉദാത്തമായ സൗന്ദര്യം നിരന്തരം ചാലിച്ചെടു ത്തിട്ടും പ്രപഞ്ചത്തിലെ വിചിത്ര വസ്തുക്കളെ എന്ന പോലെ കാവ്യവസ്തുക്കൾ ക്ഷയിക്കാതെ അനശ്വരമായി നിലകൊള്ളുമെന്നു സഹൃദയലോകത്തെ ആഹ്ലാദിപ്പിക്കുവാനും ആനന്ദ വർധനൻ മറന്നില്ല.

വാചസ്പതി സഹസ്രാണാം

സഹസ്രൈരപി യത്നതഃ

നിബദ്ധാപ ക്ഷയം നൈതി

പ്രകൃതിർ ജഗതാമിവ

(ധ്വന്യലോകം. IV.10)

സഹൃദയന്റെ ആന്തരിക ചോതനയെ സമീകരിക്കുന്ന ലാവണ്യാനുഭൂതിയെ ജ്വലിപ്പിക്കു വാൻ ഓരോ വർണ്ണത്തിലും ചമത്കാരം നിറച്ചുവെച്ച എത്രയെത്ര കവനകുസുമങ്ങളാണ് ആനന്ദവർധനൻ ധ്വന്യാലോകത്തിൽ വിടർത്തികാണിച്ചത്.

സൗന്ദര്യാനുഭവത്തെ ദർശനത്തിന്റെയും ശാസ്ത്രത്തിന്റെയും തേരിലേറ്റി വിസ്മ യാവഹവും അലൗകികവുമായ ഒരു ലോകത്തിലേക്ക് ആനയിച്ച അഭിനവ ഗുപ്തനും രസാനുഭവമെന്ന സൗന്ദര്യത്തിന്റെ സമഗ്രതയ്ക്ക് ഊടും പാവും നെയ്ത മമ്മടനും ജഗന്നാഥ നും മറ്റു ആനന്ദവർധനൻ തെളിയിച്ച രാജപാതയിലൂടെ വഴിതെറ്റാതെ ലാവണ്യത്തിന്റെ പ്രകാശം പരത്തി കടന്നുപോയവരാണ്.

## സഹായക ഗ്രന്ഥങ്ങൾ


1. *The Aesthetic Experience According to Abhinavagupta - R. Gnoli.*
2. *Aesthetic Rapture Vol. I - J.L. Masson, M.V. Patwardhan*
3. *The Indian Concept of the Beautiful - K.S. Ramaswami Sastri.*
4. *Understanding Tradition Inter-Disciplinary studies on Sanskrit - Dr. C. Rajendran.*
5. *The Dhvani Theory in Sanskrit Poetics-Mukunda Madhava Sarma*
6. *Dhvanyalikalocana, Kerala Commentaries Vol. I, II-Dr. K.K.N. Kurup, Dr. C.N. Neelakandhan*
7. *അഭിനവഗുപ്തൻ - ജി.ടി. ദേശ് പാണ്ഡെ*
8. *ഭാരതീയ സാഹിത്യ ദർശനം - ചാത്തനാത്ത് അച്യുതനുണ്ണി*
9. *വാക്കും വെളിച്ചവും - ഡോ. പി.വി. രാമൻകുട്ടി.*
10. *ധ്വനിയും അകപ്പൊരുളും (ലേഖനം) - ഡോ. കെ.ജി. പൗലോസ്*
11. *സൗന്ദര്യശാസ്ത്രം - ഡോ. സി. രാജേന്ദ്രൻ*
12. *ധ്വന്യലോകം (ഭാഷാവ്യാഖ്യാനം) - ഇ.വി. ദാമോദരൻ*